I. ഇ.ബി. XV1-കേരള നിയമസഭ/II-3

**പതിനാറാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 14, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അറിയിപ്പ്**

ദ്വിദിന മെഡിക്കൽ ക്യാമ്പ്

മി. സ്പീക്കർ: കോട്ടയം കാരിത്താസ് ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ മന്ദിരത്തിൽ നിയമസഭാ സാമാജികർക്കും മാധ്യമപ്രവർത്തകർക്കും ജീവനക്കാർക്കുമായി സജ്ജീകരിച്ചിട്ടുള്ള മൊബൈൽ മാമോഗ്രാം, കാർഡിയോളജി യൂണിറ്റുകളുടെ സൗജന്യ സേവനം എല്ലാവരും പ്രയോജനപ്പെടുത്തണം.

**II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

അപ്രഖ്യാപിത പവർകട്ടും പുതിയ കണക്ഷനുകളുടെ
നിരക്കുവർധനയും

മി.സ്പീക്കർ: യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം ഏർപ്പെടുത്തിയതും ഇപ്പോഴും തുടരുന്നതുമായ പവർകട്ടും ലോഡ്ഷെഡ്ഡിങ്ങുംമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന വിഷമാവസ്ഥയും വ്യവസായ-വാണിജ്യ മേഖലകളിലെ പ്രതിസന്ധിയും ഇവ പരിഹരിക്കാൻ സാധിക്കാത്ത കെ.എസ്.ഇ.ബി.എൽ.-ന്റെ അനാസ്ഥയും പുതിയ വൈദ്യുതി കണക്ഷനുകൾക്കുള്ള നിരക്ക് വർധനയുംമൂലം ഉളവായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ ജി. ആർ. അനിൽ, കെ. പ്രേംകുമാർ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സംസ്ഥാനം നിലവിൽ നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. വൈദ്യുതി ബോർഡ് ചെയർമാനും മറ്റ് ഉദ്യോഗസ്ഥരും വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ച് പരമാവധി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മഴയുടെ ലഭ്യതക്കുറവുമൂലം വൈദ്യുതി ഉല്പാദനം കുറയുകയും ഉപഭോഗം വർധിക്കുകയും ചെയ്തതിന്റെ ഫലമായാണ് വൈദ്യുതി പ്രതിസന്ധിയുണ്ടായത്.

ശ്രീ. ജി. ആർ. അനിൽ: ഈ വിഷയത്തെ വളരെ ലാഘവത്തോടെയാണ് വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്നത്. അഞ്ചുമാസക്കാലമായി തുടരുന്ന അപ്രഖ്യാപിത പവർകട്ടും ലോഡ് ഷെഡ്ഡിങ്ങുംമൂലം ജനങ്ങൾ ദുരിതത്തിലാണ്. നവഉദാരവത്കരണ നയങ്ങൾ വൈദ്യുതി മേഖലയിൽ അടിച്ചേൽപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വൈദ്യുതി പ്രതിസന്ധിയുണ്ടാകുമെന്ന് മനസ്സിലാക്കിയിട്ടും സർക്കാർ യാതൊരു മുൻകരുതൽ നടപടികളും സ്വീകരിച്ചില്ല. കെ.എസ്.ഇ.ബി.എൽ.-നെ സ്വകാര്യവത്കരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. പുതിയ കണക്ഷനുകൾക്കുള്ള നിരക്ക് 5,000 രൂപയായി വർധിപ്പിച്ച നടപടി അപലപനീയമാണ്. സംസ്ഥാനത്തെ വ്യാവസായിക-കാർഷിക-ആരോഗ്യ മേഖലയെയും സാധാരണക്കാരുടെ ജീവിതത്തെയും ബുദ്ധിമുട്ടിലാക്കിയ സർക്കാരിന്റെ കെടുകാര്യസ്ഥതയും കോർപ്പറേറ്റ് പ്രീണനവും വൈദ്യുതി നിരക്ക് വർധനയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയിലുണ്ടായ ഗണ്യമായ വർധനയും ദുർബലമായ മൺസൂൺ മഴയും ഡാമുകളിലെ ജലക്ഷാമവും വൈദ്യുതി പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ജലവൈദ്യുത പദ്ധതികൾ മുടങ്ങിക്കിടക്കുന്നതും മുൻ സർക്കാർ 2011-ലെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയതും സ്വാപ് വ്യവസ്ഥയിൽ കടം വാങ്ങിയ 500 മെഗാവാട്ട് വൈദ്യുതി തിരിച്ചുനൽകാൻ കെ.എസ്.ഇ.ബി.എൽ. നിർബന്ധിതമായതും സംസ്ഥാനത്ത് കടുത്ത വൈദ്യുതി ദൗർലഭ്യത്തിന് ഇടയാക്കിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളുമായും വിവിധ ഊർജ ഏജൻസികളുമായും ചർച്ച നടത്തി അടിയന്തരമായി വൈദ്യുതി ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തെ നിലവിലെ വൈദ്യുതി പ്രതിസന്ധിക്ക് കാരണം മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ആസൂത്രണമില്ലായ്മയും കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കുന്ന ദീർഘകാല കരാർ റദ്ദാക്കിയതുമാണ്. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ഹ്രസ്വ-ദീർഘകാല കരാറുകളുണ്ടാകേണ്ടതുണ്ട്. റിന്യൂവബിൾ എനർജിയും പമ്പ്ഡ് സ്റ്റോറേജും വർധിപ്പിച്ച് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് സമഗ്രവും കൃത്യവുമായ വൈദ്യുതി നയം പ്രഖ്യാപിക്കുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡിനെ മികച്ച സ്ഥാപനമാക്കി മാറ്റി പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ടുതന്നെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധ ക്ഷണിക്കൽ**

1) തിരൂരിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ നടപടി

ശ്രീ. കുറുക്കോളി മൊയ്തീൻ: ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും പിന്നാക്കം നിൽക്കുന്നതുമായ മലപ്പുറം ജില്ലയിൽ തിരൂർ ആസ്ഥാനമാക്കി രണ്ടാമതൊരു മെഡിക്കൽ കോളേജുകൂടി ആരംഭിക്കണം. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ജനറൽ ആശുപത്രി പ്രാവർത്തികമാക്കുന്നതിനും വളവന്നൂർ, വെട്ടം സി.എച്ച്.സി.-കളിൽ കിടത്തിചികിത്സ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിലെ അക്കാദമിക്-ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എം.ആർ.ഐ. സ്കാൻ, സി.ടി. സ്കാൻ തുടങ്ങിയവയുടെ പ്രവർത്തനമാരംഭിക്കുകയും റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. ആധുനിക ചികിത്സാ സൗകര്യങ്ങൾ വിപുലീകരിച്ച് രോഗികൾക്ക് വിദഗ്ധ ചികിത്സ

ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടുതൽ പി.ജി. സീറ്റുകൾ അനുവദിക്കുന്നതിനും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദേശങ്ങൾ പരിഗണനയിലാണ്. മലപ്പുറം ജില്ലയിൽ തിരൂർ ആസ്ഥാനമാക്കി രണ്ടാമതൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. വളവന്നൂർ, വെട്ടം സി.എച്ച്.സി.കളിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(2) <u>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും പ്രവർത്തന മൂലധനത്തിന്റെ അഭാവവുംമൂലം കടുത്ത പ്രതിസന്ധി നേരിടുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ചൈനയിൽനിന്നും കുറഞ്ഞവിലയ്ക്ക് ടൈറ്റാനിയം ഡയോക്സൈഡ് ഇന്ത്യയിലെത്തുന്നതും കേന്ദ്ര ഗവൺമെന്റ് ആന്റി ഡമ്പിങ് ഡ്യൂട്ടി റദ്ദ് ചെയ്തതും അസംസ്കൃത വസ്തുവായ സൾഫറിന്റെ വില 330 ശതമാനം ഉയർന്നതും കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ജീവനക്കാരുടെയും വിരമിച്ചവരുടെയും ആനുകൂല്യങ്ങൾ മുടങ്ങുകയും സ്ഥാപനം 90 കോടിയോളം രൂപയുടെ കടബാധ്യത നേരിടുകയുമാണ്. സ്വന്തം സാങ്കേതികവിദ്യയിലൂടെ നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുകയും 30 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ താൽക്കാലിക പ്രതിസന്ധി പരിഹരിക്കാനായി ബജറ്റ് വിഹിതത്തിൽനിന്നും കെ.എസ്.ഐ.ഡി.സി.യിൽനിന്നും ചെറിയൊരു തുക അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർത്ത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രതിസന്ധി ശാശ്വതമായി പരിഹരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## III സബ്മിഷൻ

### 1) നെടുമ്പാശ്ശേരിയിലെ വാഹനാപകടം

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): നെടുമ്പാശ്ശേരി വാഹനാപകടവുമായി ബന്ധപ്പെട്ട് GD entry-യും FIR-ഉം അറസ്റ്റും രേഖപ്പെടുത്തിയത് ഉൾപ്പെടെയുള്ള നടപടികളുമായി ബന്ധപ്പെട്ട അഭ്യൂഹങ്ങളിൽ വ്യക്തത വരുത്തുകയും ആരോപണങ്ങളെക്കുറിച്ച് സമഗ്രാന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. അൻവർ സാദത്ത്: നെടുമ്പാശ്ശേരിയിൽ മൂന്നുപേരുടെ മരണത്തിന് കാരണക്കാരനായ പ്രതിയുടെ ഡ്രൈവിങ് ലൈസൻസ് ആജീവനാന്ത കാലത്തേക്ക് റദ്ദ് ചെയ്യുന്നതിനും പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നെടുമ്പാശ്ശേരിയിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ അത്യന്തം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കാർ ഓടിച്ചിരുന്നയാൾ ഒന്നാം പ്രതിയായും സഹയാത്രികരായ മൂന്നുപേർ രണ്ട്, മൂന്ന്, നാല് പ്രതികളായും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾക്കെതിരെ BNS, Motor Vehicle Act എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്. കുറ്റകരമായ നരഹത്യയാണ് പ്രതി ചെയ്തതെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. നാല് പ്രതികളെയും കോടതി ഉത്തരവ് പ്രകാരം കാക്കനാട് ബോർസ്റ്റൽ സ്കൂളിലേക്ക് മാറ്റുകയും ഒന്നാം പ്രതിയുടെ ലൈസൻസ് റദ്ദാക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. വാഹനാപകടം സംബന്ധിച്ച കേസന്വേഷണം ആലുവ ഡിവൈ.എസ്.പി.-യെയും മരണപ്പെട്ടവരുടെ കുടുംബങ്ങളുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് സൗത്ത് സോൺ ഐ.ജി.-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനും സർക്കാർ സന്നദ്ധമാണ്. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. കുറ്റക്കാർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതാണ്.

(2) കണിയാപുരം റെയിൽവെ മേൽപ്പാലം

ശ്രീ. ജി. ആർ. അനിൽ: കണിയാപുരം-കഠിനംകുളം റോഡിലെ റെയിൽവെ ലെവൽ ക്രോസിൽ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണം.

മുഖ്യമന്ത്രി(ശ്രീ. വി. ഡി. സതീശൻ): 2018-19 വർഷത്തെ ബജറ്റിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിരുന്ന കണിയാപുരം റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. 30-06-2025-നാണ് സമർപ്പിക്കപ്പെട്ടത്. പദ്ധതിയുടെ സ്ഥലമേറ്റെടുക്കലിനായി Roads and Bridges Development Corporation 50 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(3) വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: വിശ്വകർമ്മ സമുദായം നേരിടുന്ന സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ഡോ. പി. എൻ. ശങ്കരൻ കമ്മിഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതോടൊപ്പം കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയർമാനായി വിശ്വകർമജനെ നിയമിക്കുകയും വിശ്വകർമ്മ ദിനം പൊതു അവധിയായി പ്രഖ്യാപിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): വിശ്വകർമ്മ സമുദായത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നിലവിലെ സാഹചര്യവും ഡോ. പി. എൻ. ശങ്കരൻ കമ്മിഷന്റെ ശിപാർശകളും അടിസ്ഥാനപ്പെടുത്തി ആവശ്യമായ പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കമ്മിഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പെൻഷനും ഗ്രാന്റും അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ അധിക സംവരണം സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. മറ്റ് മേഖലകളിലെ സംവരണ വിഹിതം പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടില്ല. വിശ്വകർമ്മജരുടെ ഉൽപന്നങ്ങൾ പ്രദർശന-വിപണനം നടത്തുന്നതിനായി മാന്നാറിൽ ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. പരമ്പരാഗത സ്വർണ്ണപ്പണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനം, ആർട്ടിസാൻസിന് തൊഴിൽദിനങ്ങൾ ലഭ്യമാക്കൽ, സൗജന്യ ടൂൾകിറ്റ് വിതരണം, തെങ്ങിൻ തടിയിലുള്ള ഫർണീച്ചർ നിർമ്മാണ പരിശീലനം തുടങ്ങിയ പദ്ധതികൾ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കുന്നുണ്ട്.

(4) ഒറ്റപ്പാലം മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

ശ്രീ. കെ. പ്രേംകുമാർ: താലൂക്ക് ആസ്ഥാനമായ ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി 23.3 സെന്റ് സ്ഥലം കണ്ടെത്തുകയും 2026-27-ലെ പുതുക്കിയ ബജറ്റിൽ ഒരു കോടി രൂപ അടങ്കലും 500 രൂപ ടോക്കൺ പ്രൊവിഷനും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(5) കെ.എസ്.ടി.പി. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതിയും വിജിലൻസ് അന്വേഷണവും

ശ്രീ. എ. കെ. എം. അഷ്റഫ്: കെ.എസ്.ടി.പി. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻ പി.ഡബ്ല്യു.ഡി. സെക്രട്ടറി ഗ്യാനേഷ് കുമാർ ഐ.എ.എസ്.-നെതിരെ ഉയർന്നുവന്ന അഴിമതി ആരോപണം സംബന്ധിച്ച കേസിന്മേൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ നടത്തുന്ന പുനരന്വേഷണം അടിയന്തരമായി പൂർത്തീകരിച്ച് നിയമനടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കെ.എസ്.ടി.പി. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി ഗ്യാനേഷ് കുമാർ ഐ.എ.എസ്.-നെതിരെ 2006 കാലഘട്ടത്തിൽ ഉയർന്നുവന്ന അഴിമതി ആരോപണങ്ങളുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ ശരിയായരീതിയിൽ അന്വേഷിച്ചിട്ടില്ലെന്ന് ആരോപിച്ച് പൊതുപ്രവർത്തകനിൽനിന്നും ലഭിച്ച പരാതി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. വസ്തുതകളും ഫയലുകളും പരിശോധിച്ചശേഷം അന്തിമ തീരുമാനമെടുക്കുന്നതാണ്.

(6) ഇരിങ്ങാലക്കുട കാരളം പഞ്ചായത്തിലുണ്ടായ കൊലപാതകം

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ കാരളം പഞ്ചായത്തിൽ സാവിത്രിയെന്ന വയോധികയുടെ കൊലപാതകത്തിന് കാരണക്കാരായ പ്രതികളെ അടിയന്തരമായി കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ കാരളം പഞ്ചായത്തിലെ അരുമ്പിള്ളി വീട്ടിൽ മോഷണശ്രമത്തിനിടെ വയോധികയായ സാവിത്രി കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം നടത്തിവരുന്നു. പ്രതികളെ പിടികൂടാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(7) മണിയാർ ജലവൈദ്യുത പദ്ധതി ഏറ്റെടുക്കൽ

ശ്രീ. പഴകുളം മധു: മണിയാർ ജലവൈദ്യുത പദ്ധതി സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): കരാർ കാലാവധി അവസാനിച്ചതിനാൽ 2026-ൽ കെ.എസ്.ഇ.ബി.എൽ. മണിയാർ ജലവൈദ്യുത പദ്ധതി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചെങ്കിലും യൂണിവേഴ്സൽ കാർബറൻഡം ലിമിറ്റഡ് എന്ന കമ്പനി ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി. ഉന്നതലസമിതി റിപ്പോർട്ടിന്റെയും ഹൈക്കോടതി വിധിയുടെയും അടിസ്ഥാനത്തിൽ പദ്ധതി സർക്കാരിന്റെ ഉടമസ്ഥതയിൽ കൊണ്ടുവരുന്നതിന് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

(8) പാലക്കാട് ജില്ലയിൽ ജല അതോറിറ്റിയുടെ പുതിയ സെക്ഷൻ ഓഫീസ്

ശ്രീ. രമേശ് പിഷാരടി: പാലക്കാട് നഗരസഭയും പിരായിരി ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്ന മേഖലയിലെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനായി ജല അതോറിറ്റിയുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെയും പുതിയ തസ്തികകൾ സൃഷ്ടിക്കാതെയും ഓഫീസ് ക്രമീകരിക്കാൻ കഴിയുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് കേന്ദ്രമായി ജല അതോറിറ്റിയുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(9) കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുകയും പ്രസ്തുത കോളേജ്

സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങളും തുടർ വികസന പദ്ധതികളും ഏകോപിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കോന്നി മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കുകയും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ടൈപ്പ് എ & സി ക്വാർട്ടേഴ്സ്, ഹോസ്പിറ്റൽ ബ്ലോക്ക് 2, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 2027 മാർച്ച് 31-നകം പൂർത്തീകരിക്കുമെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിനെ ആധുനിക ചികിത്സാ വിദ്യാഭ്യാസ സൗകര്യങ്ങളുള്ള മികച്ച സ്ഥാപനമായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സഭാ സമ്മേളനം കഴിഞ്ഞാലുടൻ കോന്നി മെഡിക്കൽ കോളേജ് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

(10) കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ട്രോമാകെയർ സംവിധാനം

ശ്രീ. ടി. എം. ശശി: ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ട്രോമാകെയർ യൂണിറ്റിന് അനുമതി നൽകുകയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പരിവർത്തനാനുമതി ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(11) കാട്ടാന ആക്രമണം

ശ്രീ. ജ്യോതികുമാർ ചാമക്കാല: കൊല്ലം ജില്ലയിലെ പത്തനാപുരം നിയോജകമണ്ഡലത്തിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട തൊഴിലുറപ്പ് തൊഴിലാളി രാജമ്മയുടെ കുടുംബത്തിന് നഷ്ടപരിഹാര തുക വർധിപ്പിച്ച് നൽകുന്നതിനും കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി

നൽകുന്നതിനും ആക്രമണകാരിയായ ആനയെ ജനവാസ മേഖലയിൽനിന്നും മാറ്റുന്നതിനും റോഡിന് ഇരുവശത്തിലുമുള്ള കാട് നീക്കംചെയ്യുന്നതിനും ഫോറസ്റ്റ് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പത്തനാപുരം വനമേഖലയിലെ സോളാർ ഫെൻസിങ്ങിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കുകയും വിസ്റ്റാ ക്ലിയറൻസ് നടപ്പാക്കുകയും പ്രത്യേക ആർ.ആർ.ടി.-യും റിസർവ് ഫോഴ്സും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായ തുക 25 ശതമാനവും കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തുക നൂറ് ശതമാനവും വർധിപ്പിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

## (12) പത്താംക്ലാസ് വരെ സൗജന്യ പഠനം

ശ്രീ. ടി. പി. അഷ്റഫലി: സർക്കാർ സ്കൂളുകളിൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് പാഠപുസ്തകം, യൂണിഫോം, ഉച്ചഭക്ഷണം എന്നിവയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സൗജന്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സംസ്ഥാനത്ത് പത്താം ക്ലാസ് വരെയുള്ള മുഴുവൻ വിദ്യാർഥികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകുന്നുണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യമായും 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് സർക്കാർ നിശ്ചയിച്ച വില ഈടാക്കിയുമാണ് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത്. ഉച്ചഭക്ഷണ പദ്ധതി പന്ത്രണ്ടാം ക്ലാസ് വരെ വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം ആരാഞ്ഞുകൊണ്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച കത്തിന് അനുകൂല മറുപടി നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാകുന്നമുറയ്ക്ക് 9, 10, 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകാൻ സാധിക്കും. നിലവിൽ എസ്.എസ്.കെ., കൈത്തറി വകുപ്പ് എന്നിവ മുഖേന സൗജന്യ യൂണിഫോം ലഭിക്കാത്ത സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിലെയും എയ്ഡഡ് എൽ.പി. സ്കൂളുകളിലെയും നിശ്ചിത വിഭാഗം കുട്ടികൾക്ക് അറുനൂറ് രൂപ നിരക്കിൽ യൂണിഫോം അലവൻസ് നൽകിവരുന്നു. പത്താം ക്ലാസ് വരെയുള്ള മുഴുവൻ വിദ്യാർഥികൾക്കും സൗജന്യ യൂണിഫോം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

## IV റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഒന്ന് മുതൽ ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## V നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2026- ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

**ക്രമപ്രശ്നം**

ബില്ലിലെ അപാകത

ശ്രീ. വി. കെ. സനോജ്: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് സമാനമായ എല്ലാവിധ അവകാശങ്ങളും പരിരക്ഷയും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് സുപ്രീംകോടതി വിധികളുടെ ലംഘനമാണ്. മറ്റ് സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അവകാശം മാരിടൈം ബോർഡിന് കൈമാറാൻ വ്യവസ്ഥ ചെയ്യുന്നതും തീരദേശത്തെയും തുറമുഖ പരിധിയിലെയും ഭൂമിയിൽ വൻകിട വാണിജ്യ നിർമ്മാണങ്ങൾ നടത്താൻ ബോർഡിന് അധികാരം നൽകുന്നതും കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിനും തീരദേശ പരിപാലന നിയമങ്ങൾക്കും വിരുദ്ധമാണ്. പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ 30 വർഷത്തെ കരാർ കാലാവധി പൂർത്തിയാകുമ്പോൾ പുതിയ ടെൻഡർ ഇല്ലാതെതന്നെ നിലവിലുള്ള കൺസെഷനെയർക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് പൊതുസ്വത്ത് വിതരണം ചെയ്യുന്നതിലെ സുതാര്യ മാനദണ്ഡങ്ങൾക്കും ഭരണഘടനയിലെ 14-ാം അനുഛേദത്തിനും വിരുദ്ധമാണ്. സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്താത്തത് സഭാചട്ടങ്ങളുടെ ലംഘനമാണ്. ബില്ലിന് അവതരണാനുമതി നിഷേധിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ബില്ലിലെ 17 എ വകുപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ച ക്രമപ്രശ്നം പരിഭാഷയിൽ വന്ന അപാകതയാണ്. പരിഭാഷപ്പെടുത്തിയപ്പോൾ 'പെർമെനന്റ് അപ്പോയിൻമെന്റ് എന്നത് മലയാളം ബില്ലിൽ വിട്ടുപോയതാണ്. ബിൽ സബ്ജക്ട് കമ്മിറ്റി

പരിഗണിക്കുന്ന അവസരത്തിൽ ഔദ്യോഗിക ഭേദഗതി കൊണ്ടുവന്ന് പ്രസ്തുത പിശക് തിരുത്താവുന്നതാണ്. മറ്റ് സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അവകാശവും ടൗൺഷിപ്പ് നിർമ്മാണത്തിനുള്ള അധികാരവും മാരിടൈം ബോർഡിന് കൈമാറാൻ വ്യവസ്ഥ ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന് പറയുന്നത് ശരിയല്ല. നിയമവിധേയമായി മാത്രമെ ടൗൺഷിപ്പ് അടക്കമുള്ള എല്ലാ കാര്യങ്ങളും തീരുമാനിക്കുകയുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിലൂടെ തുറമുഖ വികസനത്തിന് കൂടുതൽ നിക്ഷേപ സാധ്യത കൈവരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ബോർഡിലെ ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ ബോർഡിന്റെ പൊതുനിധിയിൽനിന്ന് വഹിക്കുന്നതിനാൽ സർക്കാരിന് അധിക ബാധ്യതയുണ്ടാകുന്നില്ല.

**റൂളിങ്**

<u>മി. സ്പീക്കർ</u>: 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിന്റെ 17 എ വകുപ്പ് പ്രകാരം തുറമുഖ ഡയറക്ടറേറ്റിലും ഉപകാര്യാലയങ്ങളിലും അനുവദിച്ചിരുന്ന വിവിധ തസ്തികകളിലെ ഒഴിവുകളിൽ തുറമുഖ വകുപ്പിന് ബാധകമാകുന്ന സ്പെഷ്യൽ റൂൾസ്, ജനറൽ സർവീസ് ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചയിക്കപ്പെട്ട ദിവസത്തിനുശേഷവും 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് നിലവിൽ വരുന്നതിനുമിടയിൽ പബ്ലിക് സർവീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖാന്തരം സ്ഥിരനിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അവകാശങ്ങളും പരിരക്ഷയും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ പെർമനന്റ് അപ്പോയിൻമെന്റ് എന്ന് കാണിച്ചിട്ടുള്ളത് പരിഭാഷപ്പെടുത്തിയപ്പോൾ മലയാളം ബില്ലിൽ വിട്ടുപോയതാണെന്നും സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്ന വേളയിൽ പ്രസ്തുത പിശക് തിരുത്താവുന്നതാണെന്നും മുഖ്യമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. കൂടാതെ ബില്ലിലെ 22 എ വകുപ്പ് പ്രകാരം ചെറുകിട തുറമുഖങ്ങളുടെ വികസനം, മാരിടൈം വ്യവസായം, മാരിടൈം ലോജിസ്റ്റിക്സ് എന്നിവയ്ക്കുവേണ്ടി ബില്ലിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാന മാരിടൈം ലാൻഡ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി സർക്കാർ ഉത്തരവിലും നിരക്കിലും ഉപാധികളിലും പാട്ടത്തിനോ ലൈസൻസ് വ്യവസ്ഥയിലോ ബോർഡിന് നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതുമൂലം ഭൂമിയുടെ ഉടമസ്ഥാവകാശം മാറുന്നില്ലെന്നതിനാൽ ബില്ലിലെ വ്യവസ്ഥ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റ്

വ്യവസ്ഥകളെ മറികടക്കുന്നതും കേരള ലാൻഡ് അസൈൻമെന്റ് ആക്ടിനെ നോക്കുകുത്തിയാക്കുന്നതുമാണ് എന്ന പരാമർശം നിലനിൽക്കുന്നതല്ല. 11-ാം ഖണ്ഡം വഴി പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്, തുറമുഖ വികസനത്തിന് ഉതകുന്നതിലേക്കായി കൂടുതൽ നിക്ഷേപ സാധ്യത വിലയിരുത്തി കൂടുതൽ കാലാവധി നൽകുന്ന വ്യവസ്ഥയാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന മുഖ്യമന്ത്രിയുടെ വിശദീകരണം മുഖവിലയ്ക്കെടുക്കുന്നു. ബോർഡിലെ ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ ബോർഡിന്റെ പൊതുനിധിയിൽ നിന്ന് വഹിക്കുന്നതിനാൽ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അധിക ബാധ്യതയുണ്ടാക്കാത്ത സാഹചര്യത്തിൽ അധിക സാമ്പത്തിക ബാധ്യത മറച്ചുവച്ചുകൊണ്ടുള്ള ധനകാര്യ മെമ്മോറാണ്ടമാണ് ബില്ലിൽ ചേർത്തിരിക്കുന്നത് എന്ന പരാമർശം വസ്തുതാപരമല്ല. ഇക്കാരണങ്ങളാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, 17 ചെറുകിട തുറമുഖങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് കേരളത്തെ തുറമുഖ നഗരമാക്കി മാറ്റുന്നതിനാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ തീരദേശ ചരക്ക് ഗതാഗതം ശക്തമാക്കാനും രണ്ടാം ഘട്ടമായി ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തി കൊച്ചിയിലും കോഴിക്കോടും ക്രൂയിസ് ടെർമിനൽ നിർമ്മിക്കാനും മൂന്നാം ഘട്ടമായി കേരളത്തിലെ 44 നദികളെ ബന്ധിപ്പിച്ച് റിവർ ക്രൂയിസ് ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. കാർഷിക ഉൽപന്നങ്ങളും സമുദ്ര വിഭവങ്ങളും മൂല്യവർധിത ഉൽപന്നങ്ങളാക്കി കയറ്റുമതി ചെയ്യാനും മത്സ്യകൃഷി വർധിപ്പിക്കാനുമുള്ള സൗകര്യങ്ങൾ ചെയ്യുന്നതാണ്. തുറമുഖം, മത്സ്യബന്ധനം, വ്യവസായം, ധനകാര്യം, റവന്യൂ, നിയമം,

തീരദേശ സുരക്ഷ എന്നീ വകുപ്പുകളിലെ പ്രതിനിധികളെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന മാരിടൈം ലാൻഡ് ബാങ്ക്, തുറമുഖ പ്രദേശ വികസന അതോറിറ്റി എന്നിവ രൂപീകരിക്കും. പോർട്ടുകളുടെ വികസനത്തിനുവേണ്ടി സുതാര്യമായ എക്കണോമിക് മോഡലുകൾ രൂപകല്പന ചെയ്യുകയാണ്. പോർട്ട് സിറ്റിയുടെ ഭാഗമായി നിരവധി തൊഴിലവസരങ്ങളുണ്ടാകുമെന്നതിനാൽ ആധുനിക കാലഘട്ടത്തിനനുസരിച്ചുള്ള അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാരിടൈം ബോർഡിന്റെ എല്ലാ ഇടപാടുകൾക്കും ഇന്റേണൽ ഓഡിറ്റ് നിർബന്ധമാക്കി സുതാര്യത ഉറപ്പുവരുത്തും. 103 എ എന്ന പുതിയ വകുപ്പ് പ്രകാരം ഫ്ലോട്ടിങ്ങ് ജെട്ടി, ഫ്ലോട്ടിങ്ങ് ബ്രിഡ്ജ്, ഫ്ലോട്ടിങ്ങ് കോട്ടേജ്/ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയ്ക്ക് നിയമപരമായി ചട്ടക്കൂടുണ്ടാകും. ടൂറിസവുമായി ബന്ധപ്പെടുത്തി ജലാശയങ്ങളെ ബന്ധിപ്പിച്ച് റിവർ ക്രൂയിസിനുള്ള സൗകര്യങ്ങളേർപ്പെടുത്തും. തീരദേശ ഭൂമി സംരക്ഷിക്കാനുള്ള പദ്ധതികൂടി ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. മാരിടൈം ടൂറിസം പ്രോത്സാഹിപ്പിക്കാനും കൊച്ചിയിൽ ഓഷ്യനേറിയം സ്ഥാപിക്കാനും അന്താരാഷ്ട്ര മാരിടൈം മ്യൂസിയം നിർമ്മിച്ച് പോർട്ട് സിറ്റിയെ ഡെസ്റ്റിനേഷൻ പോയിന്റാക്കി മാറ്റാനും തീരുമാനിച്ചിട്ടുണ്ട്. തീരപ്രദേശത്തെ ജനങ്ങളുടെ തൊഴിൽസാധ്യത വർധിപ്പിച്ച് ജീവിതനിലവാരം ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കും. ഓരോ തുറമുഖത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് വിശദമായ പ്രോജക്ട് നടപ്പിലാക്കാൻ സഹായിക്കുന്ന തരത്തിലുള്ള ഭേദഗതികളാണ് ബില്ലിലുള്ളത്.

<u>ശ്രീ. പി. കെ. നവാസ്</u>: 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2027 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മിഷൻ സമുദ്ര പ്രോജക്ടിന്റെ അടിത്തറയായി ഈ ബിൽ മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാവി സമ്പദ് വ്യവസ്ഥയുടെ മുന്നേറ്റത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ ഈ ഭേദഗതി ബിൽ സഹായിക്കും. ഭരണപരമായ കാലതാമസം ഒഴിവാക്കുന്നതിന് ഏഴ് വകുപ്പുകളിലെ സെക്രട്ടറിമാരെ ഉൾപ്പെടുത്തി മാരിടൈം ബോർഡ് പുനഃസംഘടിപ്പിക്കുന്നതും എൻഫോഴ്സ്മെന്റ് വിങ് രൂപീകരിക്കുന്നതിനായി പുതിയ വകുപ്പ് ഉൾപ്പെടുത്തിയതും തുറമുഖ പരിധിയിൽ ഫ്ലോട്ടിങ് ബ്രിഡ്ജും ഫ്ലോട്ടിങ് റെസ്റ്റോറന്റും ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ഭേദഗതി നിർദേശവും പ്രതീക്ഷാവഹമാണ്. മാരിടൈം ബോർഡിലും തുറമുഖ പ്രദേശ വികസന

അതോറിറ്റിയിലും സമിതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തണം. പോർട്ടിന് ലഭിക്കുന്ന റോയൽറ്റിയുടെ ഒരു വിഹിതം തീരദേശ ജനതയുടെ ഉന്നമനത്തിനായി നീക്കിവയ്ക്കണം. യന്ത്രരഹിത യാനങ്ങളെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. മാരിടൈം ബോർഡിന്റെ ഒരു സാറ്റലൈറ്റ് സെന്റർ മലബാർ മേഖലയിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി. ടി. ബൽറാം: 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിപുലമായ തുറമുഖ വികസനവും മാരിടൈം മേഖലയിൽ മാറ്റങ്ങളും ലക്ഷ്യമിടുന്ന ബില്ലാണിത്. കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഘടനയിലും അധികാരങ്ങളിലും കാതലായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് പുനഃസംഘടിപ്പിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. തുറമുഖ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള തടസ്സങ്ങൾ നീക്കാനും കേരളത്തിന്റെ സമുദ്ര ഇൻഫ്രാസ്ട്രക്ചറിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാനുമാണ് ഇത് ലക്ഷ്യമിടുന്നത്. മദർഷിപ്പുകളും അന്താരാഷ്ട്ര ചരക്കുകപ്പലുകളും കേരളത്തിലേക്കെത്തിച്ച് സാമ്പത്തിക-അടിസ്ഥാന സൗകര്യ വികസനത്തിൽ മുന്നേറ്റമുണ്ടാക്കാൻ സാധിക്കണം. പോർട്ടിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കണം. ഓഫ്ഷോർ, ഷിപ്-ടു-ഷിപ് ട്രാൻസ്ഫർ, ഓയിൽ കാർഗോ ട്രാൻസ്പോർട്ട്സ്, ബങ്കറിങ് സർവീസുകൾ, ക്രൂ ചെയ്ഞ്ച് എന്നിവയിലൂടെ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്താനും സ്റ്റോറേജ്, വെയർഹൗസ് സൗകര്യങ്ങൾ വർധിപ്പിച്ച് കൂടുതൽ ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരാനും ക്രൂയിസ് സർവീസുകളുടെയും റിവേഴ്സ് ടൂറിസത്തിന്റെയും സാധ്യതകൾ ഉപയോഗപ്പെടുത്താനും ഐ.ടി. അക്കാദമിക് ലിങ്കേജ് മാതൃകയിലേക്ക് മാരിടൈം മേഖലയെ സംയോജിപ്പിക്കാനും സാധിക്കണം. കേരളത്തിലെ കടൽത്തീരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഉൾനാടൻ ജലഗതാഗതം തദ്ദേശീയമായ രീതികളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിലെ പ്രമുഖ പോർട്ട്-ഇൻഡസ്ട്രിയൽ സിറ്റികളെ ഇൻഡസ്ട്രിയൽ കോറിഡോറുകളുമായി ബന്ധിപ്പിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ബില്ലുമായി ബന്ധപ്പെട്ട് അംഗങ്ങൾ നൽകിയ നിർദേശങ്ങൾ സ്വാഗതാർഹമാണ്. പോർട്ടുകളുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്ത്

എയർപോർട്ട്-സീപോർട്ട് റോഡ് കണക്ടിവിറ്റി ശക്തിപ്പെടുത്തുന്നതാണ്. അക്കാഡമിക്-തൊഴിൽ മേഖലകളിലും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സംവരണം ഏർപ്പെടുത്തുന്നതാണ്. 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

ii) <u>2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

<u>ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത</u>

<u>ശ്രീ. കെ. പ്രേംകുമാർ</u>: സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡുകൾ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനും അതിന്റെ നടത്തിപ്പിനുമായി സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നിരിക്കെ സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത് ശരിയല്ല. റിമൂവൽ ഫീസ്, സ്റ്റോറേജ് ഫീസ് എന്നിവയുടെ പരമാവധി പരിധിയോ മാനദണ്ഡങ്ങളോ മാതൃനിയമത്തിൽ വ്യവസ്ഥ ചെയ്യാത്തത് എക്സിക്യൂട്ടീവിന് അമിതാധികാരം കൈമാറുന്നതിന് തുല്യമാണ്. യാർഡിനെ അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡ് എന്ന് നിർവചിക്കുന്നുണ്ടെങ്കിലും ഇതിന് അംഗീകാരം നൽകുന്നതിനുള്ള അധികാരം സർക്കാരിനാണോ മറ്റേതെങ്കിലും ഏജൻസികൾക്കാണോ എന്ന് വ്യക്തമാക്കുന്നില്ല.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ സർക്കാർ ഭൂമി ലഭ്യമല്ലാത്തതിനാൽ അപ്രകാരം സ്ഥാപിക്കുന്ന യാർഡുകൾ പി.പി.പി. മാതൃകയിലായിരിക്കുമെന്നും അത് Build Own Operative-Revenue-Share അടിസ്ഥാനത്തിലായിരിക്കുമെന്നുമുള്ള ഉത്തരവിന്റെ നടത്തിപ്പിനുവേണ്ടിയുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല. ഫീസുകളുടെ നിരക്കും ഈടാക്കുന്ന രീതിയും വരുമാനം പങ്കിടുന്നതും സംബന്ധിച്ച് ചട്ടങ്ങളിലൂടെ നിഷ്കർഷിക്കാവുന്നതാണ്. അക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. അംഗീകൃത വെഹിക്കിൾ പാർക്കിങ് യാർഡുകൾക്ക് അംഗീകാരം നൽകാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ബില്ലിൽ യാതൊരുവിധത്തിലുള്ള അവ്യക്തതയുമില്ല.

**റൂളിങ്**

മി. സ്പീക്കർ: പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ സർക്കാർ ഭൂമി ലഭ്യമല്ലാത്തതിനാൽ അപ്രകാരം സ്ഥാപിക്കുന്ന യാർഡുകൾ പി.പി.പി. മാതൃകയിലായിരിക്കുമെന്നും അത് Build Own Operative-Revenue-Share അടിസ്ഥാനത്തിലായിരിക്കുമെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകില്ലെന്ന് ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത് വസ്തുതാപരമാണ്.

റിമൂവൽ ഫീസ്, സ്റ്റോറേജ് ഫീസ് എന്നിവ മുഖാന്തരം ലഭിക്കുന്ന വരുമാനം സർക്കാരിലേക്കാണ് വന്നുചേരുന്നത്. അത് ഈടാക്കുന്നതിനുള്ള രീതിയും നിരക്കും ചട്ടങ്ങളിലൂടെ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ എക്സിക്യൂട്ടീവിന് അമിതാധികാര കൈമാറ്റത്തിന് ഇടയാക്കും എന്ന പരാമർശം നിലനിൽക്കുന്നതല്ല.

അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡുകൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരം ആവശ്യമാണെന്ന കാര്യം മന്ത്രി വ്യക്തമാക്കിയിട്ടുള്ളതിനാൽ അക്കാര്യത്തിലും സ്പഷ്ടത വന്നിട്ടുണ്ട്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലിന്റെ രണ്ടാം വകുപ്പിലും പതിനൊന്നാം വകുപ്പിലുമാണ് ഭേദഗതി നിർദേശിച്ചിരിക്കുന്നത്. നികുതി അടയ്ക്കാത്ത വാഹനത്തെ പിടിച്ചെടുക്കുകയും തടഞ്ഞുവയ്ക്കുകയും യാർഡിൽ ഭദ്രമായി കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം, ഈ നിയമത്തിന്റെ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം യാർഡിൽനിന്ന് പ്രസ്തുത വാഹനം വിട്ടുനൽകുന്നതിന് മുൻപ് നീക്കംചെയ്യൽ ഫീസും സംഭരണ ഫീസും ഈടാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. പ്രഭാകരൻ: 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2026 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പോലീസും മോട്ടോർ വാഹന വകുപ്പും കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ റോഡരികിലും സ്റ്റേഷൻ വളപ്പിലും കിടന്ന് നശിക്കുന്നത് ഒഴിവാക്കാനുള്ള സുപ്രധാന നിർദേശങ്ങളാണ് പുതിയ ഭേദഗതി ബില്ലിലുള്ളത്. നിയമലംഘനത്തിന്റെ കാഠിന്യമനുസരിച്ച് പിഴത്തുക തരംതിരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. ജിയോ ടാഗ് ചെയ്ത വാഹനങ്ങളിന്മേലുള്ള നടപടികൾ അതിവേഗം പൂർത്തീകരിക്കണം. വായ്പാ കുടിശ്ശികയോ ഇൻഷ്വറൻസ് തർക്കങ്ങളോമൂലം ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾ ബാങ്കുകൾ നിശ്ചിത സമയത്തിനകം ഏറ്റെടുക്കാത്തപക്ഷം നേരിട്ട് ലേലം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. പരിസ്ഥിതി മലിനീകരണം തടയുന്നതിനായി ആധുനിക സ്ക്രാപിങ് ഫെസിലിറ്റി മാനദണ്ഡങ്ങൾ കർശനമാക്കണം. പിഴത്തുക ഓൺലൈൻ സംവിധാനംവഴി ഒടുക്കുന്ന രീതി പുന:സ്ഥാപിക്കണം.

ശ്രീ. ജ്യോതികുമാർ ചാമക്കാല: 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നികുതി അടയ്ക്കാത്തതിനാൽ പോലീസ് സ്റ്റേഷനുകളിലും ആർ.ടി.ഒ.-കളിലും

കിടക്കുന്ന വാഹനങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ സൂക്ഷിക്കാൻ യാർഡുകൾ സ്ഥാപിക്കാനും കുടിശ്ശികകൾ ഓൺലൈനായി ഒടുക്കിയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് വാഹനങ്ങൾ വിട്ടുനൽകാനും നിയമഭേദഗതി വരുത്തുന്നത് അഭിനന്ദനാർഹമാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സംസ്ഥാന ഗതാഗത വകുപ്പിന് സ്വീകരിക്കാൻ കഴിയുന്ന ബെസ്റ്റ് പ്രാക്ടീസസ് ഏതൊക്കെയാണെന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പ്രവർത്തനസജ്ജമായ 3 ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകളിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ മാന്വൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ആർ.ടി. ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി ഉച്ചയ്ക്കുശേഷവും ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ ക്യാപിറ്റൽ എക്സ്പെൻഡീച്ചർ കുറയ്ക്കാനും ബസ്സുകൾ സംഭാവനയായി സ്വീകരിക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## VI ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം - തുടർച്ച**

2. 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 19-07-2026-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം കാലഹരണപ്പെട്ടതും പ്രസക്തി നഷ്ടപ്പെട്ടതുമായ നിയമങ്ങൾ റദ്ദാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 'ദി കേരള റിപ്പീലിങ് ആൻഡ് സേവിങ് ബിൽ, 2021' -ൽ, അവശേഷിക്കുന്ന 5 ആക്റ്റുകൾകൂടി റദ്ദാക്കാനുള്ള ബില്ലാണിത്. ബിൽ പാസ്സാക്കണമെന്ന് അഭ്യർഥിക്കുന്നു.

2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ ഉച്ചയ്ക്കുശേഷം 3.23-ന് പിരിഞ്ഞു.)